Excel സ്നേഹിതൻ

EXCEL PUBLICATIONS

An Excel Publication

VOL. 10 ➤ ISSUE 01 ➤ 2022 FEBRUARY ➤ FOR ONLINE CIRCULATION ONLY



◆ DECISION MAKING IS AN ART

◆ തൂലികയിൽ തീ പകരാം

◆ വിലയേറിയതിനെ വലിച്ചെറിയരുതേ

Excel സ്നേഹിതൻ
An Excel Publication
EXCEL PUBLICATIONS
VOL. 10 | ISSUE 01 | 2022 FEBRUARY | FOR ONLINE CIRCULATION ONLY

*Chairman*
Rev Thampy Mathew

*Director*
Binu Joseph, Vadasserikkara

*Publisher*
Anil P M, Elanthoor

*Chief Editor*
Denny John

*Managing Editors*
Joby K C
Liza Vijayan

*Editors*
Shibu K. John
Blesson P John
Benson N. Varughese
Kiran Kumar
Gladson James
Stanly Abraham
Preethi Binu
Jincy Anil

*State Representatives*
Sumi Mathew, Karnataka
Upendar Rao, Telungana
Pravin Awale, Maharashtra
Kiran Kumar, North India
Vinny P Mathew, Delhi

*International Representatives*
Ribi Kenneth ( UAE)
Ancy Vipin (Kuwait)
Shinu Thomas (Cannada)
Finny (Saudi)
Shajo C. Abraham (Ireland)
Shinu Thomas (USA)
Sumi Mathew (UK)

*Advisory Board*
Pr. Gigi Chacko
Pr.D. Joy
Pr. Aby M. Varghese
Pr. Abraham Malayil
Pr. Thomas M Pulivelil
Mr.George Koshy, Mylapra
Mr.Varkey Abraham Kachanath
Mr. Saji Paul
Mr.Joji B.John
Mr. Sunil Kurian
Mrs.Susamma John

Excel Snehithan
Thekkemala P.O., Kozhencherry,
Pathanamthitta
Ph: 9495834994, 9496325026
Email: excelsnehithan@gmail.com

Design & Layout:
Linta Peter

# ഉള്ളടക്കം...

CONTENTS

1. എഡിറ്റോറിയൽ
ഡെന്നി ജോൺ........ 03

2. Decision Making is an Art
Pr. Binu Joseph........ 04

3. ധ്യാനപീഠം: കണ്ണുനീരിൽ വിതയ്ക്കുക
സി. കെ. വിജയൻ........ 06

4. വിലയേറിയതിനെ വലിച്ചെറിയരുതേ
ബിജു പി. സാമുവൽ........ 07

5. തൂലികയിൽ തീ പകരാം
ജോബി കെ. സി........ 08

6. ആത്മീകഗൃഹനിർമ്മാണം
റവ. തമ്പി മാത്യു, അറ്റ്ലാന്റ........ 09

7. കവിത: ദുഃഖ വെള്ളി
ജസ്റ്റിൻ ജോർജ് കായംകുളം........ 10

8. രേഖാബ്യ ഗൃഹത്തിന്റെ ഉദാത്തമായ മാതൃക
ഷിബു കെ ജോൺ........ 11

9. ദൈവീക കാഴ്ചപ്പാടുകളിലേക്കു വളരുക!
ജോബി വർഗീസ് നിലമ്പൂർ........ 12

10. ലക്ഷ്യബോധമുള്ളവരായിരിക്കുക
സണ്ണി ആലപ്പുഴ........ 13

11. കിഡ്സ് കോർണർ........ 14

12. എക്സൽ വാർത്തകൾ........ 17

# എഡിറ്റോറിയൽ





EDITORIAL

'എത്ര പെട്ടെന്നാണ് സമയം കടന്നു പോകുന്നത് ' നാം പൊതുവായി പറയുന്ന ഒരു പ്രയോഗമാണിത്. മനുഷ്യൻ കർമ്മ പഥത്തിൽ നേട്ടങ്ങൾ കൊയ്തെടുക്കുമ്പോഴും അലസരായിരിക്കുമ്പോഴും ചെലവായിക്കൊണ്ടിരിക്കുന്ന ഒരു വസ്തുതയാണ് സമയം എന്നുള്ളത്. സമയത്തെ ആർക്കും പിടിച്ചു നിർത്താനാവില്ല എന്നതാണ് സത്യം. മറിച്ച് ഉള്ള സമയത്തെ നമുക്ക് ഏറ്റവും നന്നായി ഉപയോഗിക്കുവാൻ കഴിയും. ഓരോ നിമിഷം കഴിയുന്തോറും സമയം മാത്രമല്ല നമ്മുടെ ആയുസ്സും തീരുകയാണ്.

2022 എന്ന പുതിയ വർഷത്തിന്റെ ആദ്യ മാസം പിന്നിട്ടു കഴിഞ്ഞു. ഇക്കഴിഞ്ഞു പോയ ദിവസങ്ങളെ ഒന്ന് വിലയിരുത്തി എത്രമാത്രം മുന്നേറാൻ കഴിഞ്ഞു എന്ന് ഒരു സ്വയപരിശോധന നടത്തിയാൽ എന്തായിരിക്കും ഫലം ? ചിന്തകളാണ് ഏതൊരു പവർത്തിയുടെയും ആദ്യപടി. ചിന്തകൾ തീരുമാനത്തിലേക്കും തീരുമാനം പ്രവൃത്തിയിലേക്കും എത്തുമ്പോഴാണ് നമ്മുടെ ദൗത്യം ആരംഭിച്ചു എന്ന് പറയാൻ കഴിയുക. വിജയമോ പരാജയമോ എന്നത് പിന്നീടുള്ള കാര്യമാണ്. വിജയമാണ് ലഭിക്കുന്നതെങ്കിൽ കുറച്ചുകൂടി നന്നായി മുന്നേറുവാനും,പരാജയം ആണെങ്കിൽ പാഠങ്ങൾ ഉൾക്കൊണ്ട് വീണ്ടും വിജയത്തിലെത്തുവാനും നമുക്ക് കഴിയും.

ഇന്നലെകൾ കഴിഞ്ഞുപോയി, നാളെകൾ വരാനിരിക്കുന്നതേയുള്ളൂ. നമുക്ക് മുന്നിലുള്ളത് 'ഇന്ന്' മാത്രമാണ്. ഭൂതകാലത്തിന്റെ പരാജയങ്ങളിൽ മനം മടുത്തും ഭാവികാലം ഇനിയും വരുന്നതല്ലേയുള്ളൂ എന്നു ചിന്തിച്ചും നിഷ്ക്രിയരാവാതെ ഇന്നു തന്നെ പ്രവർത്തിച്ച് തുടങ്ങുക. ഇത് ദുഷ്ക്കാലം ആകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളുവിൻ എന്ന് തിരുവചനവും നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്തെങ്കിലും ചെയ്യുന്നവർക്ക് മാത്രമേ ഫലം പ്രതീക്ഷിക്കാനാവൂ, നല്ലതായാലും തീയതായാലും.

സമയത്തെ ശരിയായി കൈകാര്യം ചെയ്യാത്തത് കൊണ്ടാണ് പലർക്കും സമയം തികയാത്തതുപോലെ തോന്നുന്നത്. ചെയ്തുതീർക്കേണ്ടവ ക്രമാനുഗതമായി ചിട്ടപ്പെടുത്തുക. നമ്മുടെയെല്ലാം ജീവിതത്തിൽ അത്യാവശ്യവും ആവശ്യവും അനാവശ്യവുമായ കാര്യങ്ങൾ ഉണ്ട്. ഒപ്പം തന്നെ പ്രധാനവും അപ്രധാനവുമായവ. അതിൽ അത്യാവശ്യവും പ്രധാനവുമായ കാര്യങ്ങൾക്കായിരിക്കണം എപ്പോഴും മുൻഗണന കൊടുക്കേണ്ടത്. പിന്നീട് മറ്റുള്ളവയ്ക്ക്. അനാവശ്യമായവയെ ഒഴിവാക്കുകയും ചെയ്യുക. പ്രാർത്ഥനയോടെ കർമ്മനിരതരാകുക.

എക്സൽ പബ്ലിക്കേഷനും പുതിയ ഒരു ചുവട് വെപ്പ് നടത്തുകയാണ്. എക്സൽ സ്നേഹിതൻ കുടുംബ മാസിക കൂടുതൽ പുതുമകളോടെ നിങ്ങളുടെ അടുക്കലേക്ക് എത്തുന്നു. ഇതിലെ സാഹിത്യ സൃഷ്ടികൾ നിങ്ങൾക്ക് ഏറെ പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കുമല്ലോ.

കൊഴിഞ്ഞു വീഴുന്ന ഓരോ നിമിഷങ്ങളും വിലപ്പെട്ടതാണ്. ആയുസിന്റെ കണക്ക് പുസ്തകം നിവർത്തുമ്പോൾ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ എന്ന നഷ്ടബോധം വേട്ടയാടാതിരിക്കണമെങ്കിൽ ഇപ്പോൾ തന്നെ പ്രവർത്തിച്ചു തുടങ്ങുക. ഇനിയുള്ള ദിവസങ്ങൾ അർത്ഥപൂർണ്ണവും ക്രിയാത്മകവുമായി തീരുവാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

ഡെന്നി ജോൺ
ചീഫ് എഡിറ്റർ



# DECISION MAKING IS AN ART



**Pr. Binu Joseph Vadaserikkara**

Once, an advertisement in the newspaper said like this, "Easy steps to become rich, to have more details send Rs. 100 as money order to the following address." Many people sent Rs. 100 along with the letter saying, "I would like to know more about it. "Days passed by and there was no reply. One person wrote a letter to that address asking why are you not responding to my letter. The reply to that letter was very funny, "To become rich do the same as I did."

This might sound like a story, but the reality is that many people are trapped while they are searching for a way to a bright future. You might also have similar experiences. Many forget that working hard is the only way for a bright future. There is a proverb that says, hard work is the foundation of success.

"Commit your ways to the Lord; trust in Him and He shall bring it to pass."(Psalms 37:5)

The thoughts about tomorrow make a man very depressed and sad. Everyone likes to know what will happen tomorrow. For that people are seeing their star signs and even meet astrologers. But when things move opposite of their thinking they become sad. People are worried about their future, education, job, marriage, healing, and debts and even worried about death. Many a time the ways we choose for a good future lead us to failure.

People always like to escape from the worries of tomorrow. Apostle Peter says in 1Peter 5: 7, to cast all our cares on Jesus for He cares for us. When we try to carry our burdens by ourselves our anxieties increase. That is why the Word of God in Psalms 55: 22 says, cast your cares on the Lord and he will sustain you. The five main things that determine our future are decisions, God's will, circumstances, aims, and opportunities. In this article, I would like to focus more on the topic, decisions.

Decision-making is choosing one out of two or more things. The decision that we make today determines our tomorrow. The right decision leads us to victory and the wrong decision leads us to failure. Therefore, it is important to know how to choose what is right.

Life decisions can be divided into three, such as short term decisions, long term decisions, and lifelong decisions

1. **Short term decision**

Every day we make so many decisions. But we forget that these decisions are the ones that lead us. We should be careful with our short-term decisions as it affects our long-term decisions and life. The decision on each step that we take is a short-term decision but if we are keeping that step to deep pit or deep water, it can be our last step. Our short-term decisions include our day-to-day steps. We do each thing after deciding. But many times we regret when we land up in trouble due to our wrong decisions. This can include wrong words, phone calls, journeys, relationships with our friends, etc. Two types of short-term decisions are these, such as the decision on self and decision on others. Many fail to make the right decisions about themselves. Some short-term decisions that we take can impact others' lives too. For example, the pleasure of a person can gift AIDS to someone else.

The bible says in Proverbs 14: 12, "there is a way that seems right to a man, but in the end, it leads to death."The hasty decisions taken might seem right but it would take time to understand that it

will lead to death. Those who walk according to God's way can take the right decision at any time.

**2. Long Term Decision**

The decision taken after thinking for years and months is called a long-term decision. The result of such decisions will be lasting for a lifetime or a long term.Some of these are:

**A. Education**

If you are thinking that education is only for students then you are wrong. Education is something people will have till the end of their lives. Some gain knowledge out of education while others just learn for the sake of learning. The ultimate aim of education is to gain knowledge. Education is a long-term decision which a child is taking in his childhood. In the olden days, people were not aware of post-graduate degrees, for they were available only in faraway places. But now children are learning computer even from their first grade. When the children reach 10th grade they will have to choose their major subjects. Else they will not be able to aim further. Those who have set their goals only will be able to go further.

Children will have to decide in their 10th grade itself whether they want to become doctors, engineers, teachers, nurses, or a missionary. They will have to decide well in advance whether to major in Science, Maths, History, etc. One cannot decide to turn to the medical field after choosing Maths or History as the major subject. Some people move in the wrong direction due to their late decision-making. The brain controls a person. Though education will not make a man perfect it is a step to perfection.

As we live in a competitive time especially in the field of education, it is very much important to know about the scope, acceptance, and subjects of the field we choose. If we realize after our studies that it is not a proper field then it is too late for us to regret it and we will lose our money, time, health, etc.

**B. Work**

Mahatma Gandhi said that every Indian should have a job and a godly thought. Every work is important but it is important to find and accept what is your skill.

Those who have more than one skill set should concentrate on one work. If you try to concentrate on more than one work there are chances of failure. Instead of doing many,expertly do one thing. Be an expert in what you do. Choose one work at which you are good at.There are chances that you will feel that the work you have chosen is not the right one. So it is better to think and choose before you start. Choose a work according to your interest and area of study. One of the major crises that we face now is joblessness. But more than joblessness the confusion to choose the right job has become problematic. So choose a job according to your interest which will avoid all the confusion.

Hard work is necessary for every work. Every work has its advantages and disadvantages. We always feel the other side is greener and running after green pastures will end up in trouble. It is always good to stick to what we do. But if we feel that our decision was wrong then considering your age, health and time we can try for a new field. We will have joy and happiness in our lives if we are faithful in what we do.

**C. Friends**

Bacon once said, "A friend is a one who reveals our weaknesses to us and hides in front of others."


Friends are an asset. People who don't have friends are like animals. Everyone dreams to have a friend who will understand and stand along. But the question is how we can find a good friend. Many times we don't choose friends, but as time pass they become our friends. Sometimes our friends can become our enemies. But the saying is 'a friend in need is a friend indeed.' What if friends are not there in trouble? Bible says in Proverbs that a friend will love always and in days of trouble a friend will become our brother. A true friend will stand along in troubles and struggles.

Friends may change as we grow old or according to the circumstances. We might have so many friends in our life. They might cheat and leave you alone. But the singer is saying,

"What a friend we have in Jesus; All our sins and grief to bear; What a privilege to carry; Everything to Lord in prayer!Yes, Jesus is our best friend who carries all our sins and will never leave us alone. Let us prayerfully submit everything to him. Jesus says in John 15: 13, greater love has no one than this that he lay down his life for his friends. Who sacrificed his life for his friend? Jesus himself! He loved us who had to die in their sins and died on the cross for carrying all the punishments of our sins. He lives for us even today. Are you unhappy without a true friend? Are you cheated? Are you lonely? Accept Jesus, the true friend as your personal savior. Jesus cares for you. He will give good friends.




# കണ്ണുനീരിൽ വിതയ്ക്കുക



സി. കെ. വിജയൻ

'കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും'. (സങ്കീർത്തനം 126: 5)

തന്റെ വേല സ്ഥലത്ത് ദീർഘനാൾ പ്രവർത്തിച്ചിട്ടും ഒരാത്മാവിനെപ്പോലും നേടുവാൻ കഴിയാതെ പോയ ഒരു മിഷനറി ഉണ്ടായിരുന്നു. നിരാശനായ അയാൾ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. തന്റെ പ്രസ്ഥാനത്തിന്റെ തലവനായ വില്ല്യം ബൂത്തിന് ഇക്കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് അയാൾ ഒരു കത്ത് എഴുതി.


വില്ല്യം ബൂത്ത് പെട്ടെന്ന് അയാൾക്കു മറുപടിയായി ഒരു ടെലിഗ്രാം അയച്ചു. അതിലെ സന്ദേശം ഇങ്ങനെ ആയിരുന്നു. 'Try tears'. കരയുക. കണ്ണുനീർ പരീക്ഷിച്ചു നോക്കുക എന്ന സന്ദേശം ഗ്രഹിച്ച അയാൾ ബൂത്തിന്റെ ഉപദേശം ഏറ്റെടുത്തു. അതിന്റെ ഫലം കണ്ടു തുടങ്ങിയ അയാൾ ശുശ്രൂഷയിൽ ശക്തനായി അനേകരെ യേശുവിങ്കലേക്ക് കൊണ്ടുവരാൻ ഇടയായി.

കരയുവാൻ മനസ്സില്ലാത്തതാണ് നമ്മുടെ പല പ്രശ്നങ്ങൾക്കും പരിഹാരമില്ലാതെ പോകുന്നതിന്റെ പ്രധാന കാരണം. ഹന്നയുടെ കണ്ണുനീരിന്റെ ഫലമാണ് ശമുവേൽ പ്രവാചകൻ. പ്രവാചക ശിഷ്യന്റെ ഭാര്യയുടെ കണ്ണുനീർ അവരുടെ കടബാധ്യതയ്ക്ക് പരിഹാരമായി. ബർത്തിമായിയുടെ നിലവിളി അവന് കാഴ്ച ലഭിക്കുവാൻ കാരണമായി.

ദൈവസന്നിധിയിൽ കരയുവാൻ നമുക്ക് മനസ്സുണ്ടോ? കണ്ണുനീരിനെ മറികടക്കാത്ത കർത്താവ് നമുക്ക് മറുപടി നൽകാതിരിക്കില്ല. കണ്ണുനീരോടെ വിതയ്ക്കാം, ആർപ്പോടെ കൊയ്യാം.

വിതയ്ക്കുന്നവൻ കരയുന്നവൻ കൂടെയാകേണം.





ബിജു പി. സാമുവൽ



# വിലയേറിയതിനെ വലിച്ചെറിയരുതേ...

പ്രസിദ്ധനും പ്രതിഭാശാലിയുമായ ചിത്രകാരനായിരുന്നു ജോൺ റസ്കിൻ (John Ruskin). ഒരിക്കൽ സുഹൃത്തായ ഒരു സ്ത്രീ വിലയേറിയ ഒരു തൂവാലയും ആയി അദ്ദേഹത്തിന്റെ അടുത്തെത്തി.

പക്ഷേ മായ്ക്കാനാവാത്ത നിലയിൽ മഷി വീണ് ആ തൂവാല വികൃതമായിരുന്നു. ആ സ്ത്രീ വളരെ സങ്കടപ്പെട്ടു. വലിച്ചെറിഞ്ഞ് കളയുക മാത്രമാണ് ഇനി ചെയ്യാനുള്ളത്. എങ്കിലും ആ തൂവാല തനിക്കു നൽകാൻ ജോൺ ആവശ്യപ്പെട്ടു. അവൾ അത് നൽകാൻ തയ്യാറായി. നന്നാക്കാൻ ആവാത്ത നിലയിൽ നശിച്ചിരുന്ന ആ തൂവാല എന്തിനാണ് അദ്ദേഹം ചോദിക്കുന്നതെന്ന് അവൾക്ക് മനസ്സിലായില്ല.

ചില ദിവസങ്ങൾക്ക് ശേഷം ജോൺ തൂവാലയുമായി മടങ്ങി വന്നു. തന്റെ പഴയ തൂവാല തന്നെയാണെന്ന് വിശ്വസിക്കാനാവാത്ത നിലയിൽ അത് വ്യത്യാസപ്പെട്ടിരുന്നു.

ജോൺ എന്താണ് ചെയ്തത്?

മഷി വീണുണ്ടായ ആ പാട് കേന്ദ്രമാക്കി തൂവാലയിൽ കലാപരമായി ചിത്രപ്പണി ചെയ്ത് അദ്ദേഹം അതിനെ വളരെ മനോഹരമാക്കി. വൃത്തിഹീനമായതിനാൽ വലിച്ചെറിയണം എന്ന് ചിന്തിച്ചിരുന്ന ആ തൂവാലയെ സൗന്ദര്യത്തിന്റെയും സന്തോഷത്തിന്റെയും വസ്തുവാക്കി മാറ്റി.

പ്രിയ സുഹൃത്തേ, നിങ്ങളുടെ ജീവിതം പുനഃക്രമീകരിക്കാൻ ആവാത്ത വിധം തകർന്ന് പോയെന്ന് തോന്നുന്നുണ്ടോ? ജീവിതം ഇനി ഉപേക്ഷിക്കുകയാണ് നല്ലതെന്ന ചിന്തയിലാണോ? തെറ്റുകൾ ചെയ്തു കൂട്ടി ജീവിതം മുഴുവൻ കറപുരണ്ട അവസ്ഥയിലാണോ താങ്കൾ? ഒരു നിമിഷം ശ്രദ്ധിക്കൂ..വിശുദ്ധ ബൈബിളിൽ പാപത്തെ ചുവപ്പു നിറത്തോട് ഉപമിച്ചിട്ടുണ്ട്.

എന്താണ് ചുവപ്പ് നിറത്തിന്റെ പ്രത്യേകത? രക്തവർണ്ണം പെട്ടെന്ന് മായ്ക്കാൻ ആവാത്തതാണ്. പിന്നെ, എത്ര ദൂരം നിന്നാലും ദൃഷ്ടിയിൽ പെടുന്നതുമാണ് ചുവപ്പ് നിറം. എല്ലാവരുടെയും മുമ്പിൽ വെളിപ്പെട്ടതും ഇനി ഒരിക്കലും മായ്ക്കാൻ കഴിയാത്തതുമായ പാപങ്ങളാണ് ജീവിതത്തിൽ ഉള്ളതെന്ന് താങ്കൾ കരുതുന്നുണ്ടോ?

ഇതാ... നന്മയിലേക്ക് മടങ്ങാൻ നിങ്ങൾക്കൊരു സുവർണാവസരം... വിശുദ്ധ ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: 'നിങ്ങളുടെ പാപങ്ങൾ എത്ര കടുംചുവപ്പ് ആയിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും (യെശയ്യാവ് 1: 18).

താങ്കൾ ഒരു യൗവനക്കാരൻ ആകാം. അല്ലെങ്കിൽ യൗവനത്തിൽ സംഭവിച്ച ചില തെറ്റുകളുടെ ഭാരം ഇപ്പോഴും വഹിച്ച് നീറിപ്പുകയുന്ന വ്യക്തിയാകാം. കര കയറാനാവാത്ത നിലയിൽ ജീവിതം ഇനി മുക്കിക്കളയരുതേ...

നിങ്ങൾ ദൈവത്തിന്റെ കരവേലയാണ്. കൈവിട്ടു പോയി എന്ന് നിങ്ങൾ ചിന്തിക്കുന്ന ആ ജീവിതം സൃഷ്ടികർത്താവായ യേശുവിന്റെ കരങ്ങളിൽ സമർപ്പിക്കൂ... മരപ്പണി മാത്രമറിയുന്ന ഒരു തച്ചനല്ല അവിടുന്ന്... നിങ്ങളുടെ ജീവിതത്തെയും പണിത് മനോഹരമാക്കാൻ അവിടുത്തേക്ക് കഴിയും.

നിങ്ങളുടെ ജീവിതം വിലയേറിയതാണ്. അത് പാഴാക്കിക്കളയരുതേ...



# തൂലികയിൽ തീ പകരാം

വർഷങ്ങൾക്കു മുൻപ് പലപ്പോഴായി കുത്തിക്കുറിച്ച ചെറുകഥകൾ സ്നേഹിതരുടെ അകമഴിഞ്ഞ പ്രോത്സാഹനത്താൽ ഞാൻ പുസ്തക രൂപത്തിലാക്കി പ്രസിദ്ധീകരിച്ച് ചില നാളുകൾ കഴിഞ്ഞ്, വ്യത്യസ്തമായ ഒരു ഫോൺ കോൾ എനിക്ക് ലഭിച്ചു.

'സർ, ഞാൻ രേഖ, ഇടുക്കിയിൽ കഞ്ഞിക്കുഴി എന്ന സ്ഥലത്തുനിന്നാണ് വിളിക്കുന്നത് . എന്റെ കൂട്ടുകാരിയുടെ വീട്ടിൽ നിന്നും കഴിഞ്ഞദിവസം ഒരു കഥാ പുസ്തകം കണ്ടു. അതിലെ കഥകളെല്ലാം വേഗത്തിൽ വായിച്ച് തീർത്തു. ആ കഥകളിൽ 'എത്രയും പ്രിയപ്പെട്ട' എന്ന തലക്കെട്ടിലുണ്ടായിരുന്ന കഥ പലയാവർത്തി വായിക്കുവാനിടയായി. അതിലെ ഓരോ വരികളും എന്റെ ജീവിതത്തിന്റെ അനുഭവത്തോട് നൂറു ശതമാനവും ഇഴചേർന്നു നിൽക്കുന്നതാണ്. എനിക്ക് എട്ടുവയസുള്ളപ്പോൾ ഉണ്ടായ ഒരു വാഹന അപകടത്തിലൂടെ എന്റെ മാതാവും പിതാവും നഷ്ടപ്പെട്ടു. പിന്നീട് സഹോദരനും ഞാനും മുത്തശ്ശിയോടൊപ്പമാണ് വളർന്നത്. അന്നുമുതൽ വലിയൊരു ശൂന്യത എന്റെ ഹൃദയത്തെ എപ്പോഴും പിന്തുടർന്നിരുന്നു. ഈ പുസ്തകം വായിച്ചപ്പോൾ എന്റെ ഹൃദയത്തിന് എന്തെന്നില്ലാത്ത ആശ്വാസം ലഭിച്ചു. സ്നേഹവാനായ ദൈവത്തെ കണ്ടെത്തുവാൻ ഇത്രയും വൈകിപ്പോയി എന്നതാണ് ഇപ്പോഴുള്ള സങ്കടം. എന്റെ വേദനകളും ഏകാന്തതയും നന്നായി അറിയുന്ന ദൈവത്തിനു മുൻപിൽ ജീവിതം സമർപ്പിച്ചു എന്ന് പറയുവാനാണ് ഞാൻ ഇപ്പോൾ വിളിച്ചത്. സാറിന് ഒരായിരം നന്ദി!'

പ്രിയരേ, ആ ഫോൺകോൾ എന്നെ ഒത്തിരി ചിന്തിപ്പിച്ചു. വളരെ സാധാരണമായ ആശയങ്ങൾ ചേർത്ത് എഴുതിയ ഒരു കഥ ഒരാളുടെ ജീവിതത്തെ തന്നെ രൂപാന്തരപ്പെടുത്തിയിരിക്കുന്നു. എങ്കിൽ എന്തുകൊണ്ട് നമുക്ക് വീണ്ടും എഴുതിക്കൂടാ.. നിങ്ങൾ പലപ്പോഴായി കുത്തിക്കുറിച്ച കഥകളും കവിതകളും ഭാവനകളും വാർത്തകളും ലേഖനങ്ങളും ഇപ്പോഴെങ്കിലും വെളിച്ചം കാണട്ടെ. അതു വായിക്കാനും മനസ്സിലാക്കാനും ഇന്നും ആളുകൾ കാത്തിരിക്കുന്നു.

1600 വർഷങ്ങൾകൊണ്ട് വ്യത്യസ്തരായ നാൽപതിലധികം ആളുകൾ പരിശുദ്ധാത്മാവിന്റെ നിയോഗത്തിൽ പരിമിതവും പ്രതികൂലവുമായ സാഹചര്യത്തിൽ എഴുതിയ വചനങ്ങൾ ഇന്ന് മാറ്റമില്ലാത്ത ദൈവവചനമായി, ജനകോടികൾക്ക് അളവില്ലാത്ത അനുഗ്രഹമായി തീർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ എഴുത്തുകളും ഒരു തീയായി ആളിപ്പടരും. അനീതികളെ കത്തിക്കുന്ന, അശുദ്ധികളെ ചൂണ്ടികാണിക്കുന്ന, അറിവില്ലായ്മയെ തിരുത്തുന്ന, അനാചാരങ്ങളെ ദുരീകരിക്കുന്ന, അശക്തരെ ശക്തീകരിക്കുന്ന ദൈവീകാഗ്നിയായി നമ്മുടെ ആശയങ്ങൾ തീരും. ആ അക്ഷരങ്ങളിൽ മഷി പുരളട്ടെ.



ജോബി കെ. സി.

ചെറിയ കാര്യങ്ങൾക്ക് വരെ പ്രോത്സാഹനവും നന്ദിയും ആഗ്രഹിക്കുന്ന നാം എപ്പോഴെങ്കിലും മറ്റുള്ളവരുടെ എഴുത്തുകൾക്കും പ്രവർത്തികൾക്കും ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനവും പ്രകാശിപ്പിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കുക.

മറ്റുള്ളവരുടെ എഴുത്തുകളെ കൂടുതൽ മികച്ചതാക്കാനുള്ള ആശയങ്ങളും തിരുത്തുകളും സന്തോഷത്തോടെ പറഞ്ഞു കൊടുക്കുവാൻ എപ്പോഴെങ്കിലും സാധിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കാം.

നാം എഴുതിയില്ലെങ്കിൽ നഷ്ടം മറ്റാർക്കും അല്ല നമുക്ക് മാത്രം. ഈ കാലഘട്ടത്തിൽ അറിയിക്കേണ്ട ദൂതുകൾ അറിയിക്കുവാൻ ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അറിയുക.

നമ്മുടെ എഴുത്തുകൾ വായിക്കുവാനും അതിലെ വിത്തുകൾ വീഴേണ്ടതായ ഹൃദയങ്ങളിൽ കൃത്യമായി അവ എത്തുമെന്നും നമുക്ക് വിശ്വസിക്കാം.

വായന മരിക്കുന്നു, മരിച്ചു, മരിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ ഞാൻ എഴുതുന്നില്ല... എന്ന നിരന്തരമായ നിഷേധാത്മകമായ വാക്കുകളും ചിന്തകളും ആരുടെയെങ്കിലും എഴുത്തുകളിലൂടെ ആണല്ലോ നാം കേട്ടതും വായിച്ചറിഞ്ഞതും എന്നോർക്കുമ്പോൾ അല്പം ആശ്വാസം. മടിക്കേണ്ട, എഴുതു, നമുക്ക് വായിക്കാം.

ദൈവം നൽകിയ താലന്തുകൾ ഒന്നുപോലും കുഴിച്ചിടാതെ ദൈവനാമ മഹത്വത്തിനും ദൈവരാജ്യ വളർച്ചയ്ക്കുമായി പ്രയോജനപ്പെടുത്താൻ നമുക്ക് എളിമയോടെ സമർപ്പിക്കാം.



# ആത്മീകഗൃഹനിർമ്മാണം



റവ. തമ്പി മാത്യു, അറ്റ്ലാന്റ

ഈ ഭൂമിയിൽ ജീവിക്കുന്ന ഏതൊരു മനുഷ്യന്റെയും വലിയൊരു ആഗ്രഹമാണ് സ്വന്തമായൊരു ഭവനം എന്നത്. അതിനുവേണ്ടി സ്വപ്നം കാണുകയും അധ്വാനിക്കുകയും ചെയ്യുന്നവരാണ് നമ്മിൽ പലരും. ഭൗതിക തലത്തിൽ നിന്ന് ചിന്തിക്കുമ്പോൾ 'അഭയം' എന്ന വസ്തുതയെയാണ് വീട് പ്രതിനിധാനം ചെയ്യുന്നത് . വീട്ടിൽ ആയിരിക്കുമ്പോൾ തങ്ങൾ സുരക്ഷിതരാണ് എന്ന ചിന്ത ഏതൊരു മനുഷ്യനും ഉണ്ട്. എന്നാൽ അതിനുമപ്പുറം വിശുദ്ധ ബൈബിൾ നമ്മെ പരിചയപ്പെടുത്തുന്ന ഒരു പദമാണ് 'ആത്മികഗൃഹം' എന്നത്. ഈ ഭൂമിയിലെ വീടുകൾ കല്ലും,മണ്ണും, മരവും തുടങ്ങിയ വസ്തുക്കളുപയോഗിച്ച് നിർമ്മിക്കുന്നവയാണ്. എന്നാൽ ആത്മികഗൃഹം എന്നത് ഒരു ദൈവീക പദ്ധതിയുടെ ഭാഗമാണ്. ആത്മികഗൃഹത്തിൽ പ്രാധാന്യമർഹിക്കുന്നചില കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം.

**1. ജീവനുള്ള കല്ലുകൾ.**

മനുഷ്യൻ പണിയുന്ന ഏതൊരു വീടിനും അസംസ്കൃതവസ്തുക്കൾ ആവശ്യമാണ്. ഇവയുടെ മൂല്യം അനുസരിച്ച് വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാം. എന്നാൽ ആത്മികഗൃഹത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഒന്നാണ് ജീവനുള്ള കല്ലുകൾ. ജീവനുള്ള കല്ലുകളുടെ പ്രത്യേകതയെക്കുറിച്ച് 1 പത്രോസ് 2: 4,5 വാക്യങ്ങളിൽ കാണുന്നു. മനുഷ്യർ തള്ളിയെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശു ക്രിസ്തു മുഖാന്തിരം ദൈവത്തിന് പ്രസാദമുള്ള ആത്മിക യാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു. യേശുവിനോട് ചേർന്നുനിൽക്കുന്ന വർക്കാണ് ശ്രേഷ്ഠവും, മാന്യവും, ജീവൻ ഉള്ളതുമായ പദവി ലഭിക്കുന്നത്. കാരണം ആ ജീവനുള്ള കല്ല് സാക്ഷാൽ യേശു കർത്താവാണ്. മനുഷ്യർ നമ്മെ തള്ളിയാലും, ഒറ്റപ്പെടുത്തിയാലും, ഉപദ്രവിച്ചാലും യേശുവിന്റെ അടുക്കലേക്ക് വരുന്നവരെ അവിടുന്ന് ഏറ്റവും ശ്രേഷ്ഠതയുള്ളവരായി കണക്കാക്കുന്നു.

എങ്ങനെയാണ് ജീവനുള്ള കല്ലുകൾ ആകാൻ നമുക്ക് കഴിയുക? അതിനു നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. അതിക്രമങ്ങളും പാപങ്ങളിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു. (എഫെസ്യർ 2:1). നമ്മിൽ ജീവൻ പകർന്നിരിക്കുന്നത് യേശുക്രിസ്തുവാണ്. എന്നാൽ ആ ജീവൻ ഏറ്റെടുത്തുകൊണ്ട് മറ്റുള്ളവരിലേക്ക് സൗരഭ്യം പകരുവാൻ നമുക്ക് കഴിയണം.


പക്ഷേ പലപ്പോഴും നമ്മുടെ മൂല്യം നാം തിരിച്ചറിയുന്നില്ല എന്നതാണ് ഖേദകരം. വടക്കേ ഇന്ത്യയിലും ഇന്ത്യയുടെ വിവിധ ഇടങ്ങളിലും ക്രൈസ്തവർക്കെതിരെ മർദ്ദനങ്ങളും പീഡനങ്ങളും ഉൾപ്പെടെ കടന്നുവരുമ്പോൾ അവർ അത് സഹിക്കുന്നതിന് പിന്നിലെ കാരണം മറ്റൊന്നല്ല, അതിന്റെ മൂല്യം തിരിച്ചറിഞ്ഞതുകൊണ്ടാണ്.യേശുകർത്താവ് കാണിച്ചു തന്ന മാതൃകയും അതാണ്. നമ്മുടെ വില എന്നത് നിസ്സാരമായ ഒന്നല്ല. യേശുക്രിസ്തു തന്റെ ജീവൻ കൊടുത്താണ് നമ്മെ വിലയ്ക്ക് വാങ്ങിയിരിക്കുന്നത്. ദൈവസ്നേഹത്തിന്റെ വ്യാപ്തി ഓർക്കുമ്പോൾ നാം എത്രമാത്രം ദൈവത്തെ സ്തുതിക്കണം. മനുഷ്യൻ ഒരുക്കുന്ന ബാഹ്യ പ്രകടനങ്ങൾ ആയിരിക്കരുത് നമ്മെ ആരാധനയിലേക്ക് നയിക്കേണ്ടത് മറിച്ച് ദൈവസ്നേഹത്തിന്റെ ആഴം ആയിരിക്കണം നമ്മെ ആരാധിക്കുവാൻ പ്രേരിപ്പിക്കുന്നത്.

**2. വിശുദ്ധ പുരോഹിത വർഗ്ഗം**

വീടുപണിക്ക് സാധാരണയായി എല്ലാവരും തെരഞ്ഞെടുക്കുക ഏറ്റവും നല്ല കല്ലുകൾ ആയിരിക്കും. ചെത്തി മിനുക്കിയ കല്ലുകളാണ് വീടിന് സുരക്ഷയും ഭംഗിയും നൽകുന്നത്. എന്നാൽ പണിയുന്നതിനു മുൻപ് തന്നെ ഈ കല്ലുകളുടെ കുറവുകൾ തീർത്തിരിക്കും. എന്നാൽ കർത്താവ് നമ്മെ ആത്മികഗൃഹത്തിന്റെ പണിക്കായി തെരഞ്ഞെടുത്തപ്പോൾ നമ്മൾ കുറവുകൾ ഉള്ളവരായിരുന്നു, പാപത്താൽ നിറയപ്പെട്ടവർ ആയിരുന്നു. എന്നാൽ നമ്മെ തെരഞ്ഞെടുത്ത് തന്നോട് ചേർത്ത് നിർത്തിയപ്പോൾ നാം കളങ്കമില്ലാത്തവരായി. നാമിന്ന് ജീവനുള്ള കല്ലുകൾ ആയി എങ്കിൽ അതിന് കാരണം യേശുകർത്താവ് മാത്രമാണ്. മാത്രമല്ല നാം പണിയപ്പെടുന്നത് വിശുദ്ധ പുരോഹിതവർഗ്ഗം ആകേണ്ടതിനാണ്. ഏറ്റവും ശ്രേഷ്ഠകരമായ ഒരു പദവിയിലേക്കാണ് കർത്താവ് നമ്മെ നയിക്കുന്നത്. മറ്റുള്ളവർ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ നാം ഒന്നോർക്കുക. യേശുക്രിസ്തു മുഖാന്തരം നാം വിശുദ്ധ പുരോഹിതവർഗ്ഗം ആണ്. ഏറ്റവും ശ്രേഷ്ഠമായ പദവിയിൽ ഉള്ളവരാണ്.

10 - ാം പേജിൽ തുടരും▶

## കവിത



ജസ്റ്റിൻ ജോർജ്
കായംകുളം

# ദുഃഖ വെള്ളി

ഉള്ളം തകരുന്ന നേരവും പതറാതെ പുഞ്ചിരി
തൂകിയാ സുസ്മേര വദനൻ
ഹൃദയം നുറുങ്ങുന്ന നേരവും തളരാതൊപ്പമിരുന്നവർ
കൂടെ ഗോതമ്പുമണി പോൽ പൊടിഞ്ഞവൻ
തീയിൽ വെന്തൊരപ്പമായി നുറുക്കി നൽകി
ഒറ്റിക്കൊടുക്കാൻ കാത്തിരുന്നവനും..
നെഞ്ചകം പൊട്ടിയൊഴുകാൻ വെമ്പുമാ
ചുടുചോര പോലവൻ മുന്തിരിച്ചാർ പകർന്നു
നൽകി തള്ളിപ്പറയുമെന്നുറപ്പുള്ളവനും
വിണ്ണിലെ താരകപൊന്നോമന
മണ്ണിലെ ചെന്താരകമായിടുവാൻ ചവിട്ടിയരക്കപ്പെട്ടു
തകർക്കുവാൻ ഏൽപ്പിച്ചു കൊടുത്തവൻ സ്വയമായി
മരത്തോട് ചേർത്തടിച്ചൊരാ കാരിരുമ്പാണി
പോലും ഒരുവേള
നിശ്ചലമായിപ്പോയവൻ മേനിയെ
കുത്തിത്തുളയ്ക്കാൻ കഴിയാതെ
തൻ വാക്കിനാൽ ഉളവായ പ്രപഞ്ചം
തിരിച്ചറിഞ്ഞുടയവന്റെ പ്രാണവേദന..
കാണാൻ കഴിയാതിരുട്ടാക്കി മുഖം
പൊത്തി സർവ്വചരാചരങ്ങളും
മരക്കുരിശിനും കാരിരുമ്പാണിക്കും മുൾക്കിരീടത്തിനും
കല്ലറയ്ക്കും കഴിഞ്ഞില്ലൊതുക്കുവാൻ സത്യമാം
ദൈവത്തിൻ ഏകജാതനെ
മൂന്നാം ദിനമൊരു മനോഹരമാം
പൂവ് പോൽ വിടർന്നവൻ പുതുശക്തിയാൽ സമൃദ്ധമാം
ജീവൻ നൽകീടുവാനേഴകൾക്കായ്
നമ്മളിന്നും കുരിശിലേറ്റുകയാണറിയാതെ
ഉയിർത്തെഴുന്നേറ്റൊപ്പമുള്ള
സ്നേഹാർദ്ര സ്വരൂപനെ.

◀ 9-ാം പേജിൽ നിന്നും തുടർന്നു വായിക്കുക

# ആത്മീകഗൃഹനിർമ്മാണം...

**3. യേശുക്രിസ്തു എന്ന മൂലക്കല്ല്.**

ഏതൊരു കെട്ടിടത്തിനും ഏറ്റവും ആദ്യം ഇടുന്ന കല്ലാണ് മൂലക്കല്ല്. ഏറ്റവും പരമപ്രധാനമായ ഒരു കാര്യമാണിത്. മൂലക്കല്ലിന് മുകളിൽ ഒന്ന് ഒന്നിനോട് ചേർത്തതാണ് കെട്ടിടത്തിന്റെ പണിയാരംഭിക്കുക. അടിസ്ഥാനത്തിന്റെ ബലമാണ് കെട്ടിടത്തിന്റെ ശക്തി. ആത്മിക ഗൃഹത്തിനും ഏറ്റവും ശ്രേഷ്ഠമായ ഒരു മൂലക്കല്ല് ഉണ്ട്. 1 പത്രോസ് 2: 6 ൽ ഇപ്രകാരം പറയുന്നു 'ഞാൻ ശ്രേഷ്ഠവും മാന്യവുമായൊരു മൂലക്കല്ല് സീയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവർ ലജ്ജിച്ചു പോകയില്ല.'യേശുക്രിസ്തുവാണ് ആ ശ്രേഷ്ഠമായ മൂലക്കല്ല്. 'ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലൻമാരും പ്രവാചകൻമാരും എന്ന അടിസ്ഥാനത്തിൻമേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസം ആകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു. (എഫെസ്യർ 2:20-22 )

പ്രിയരെ,നാം ജീവനുള്ള കല്ലുകൾ ആണോ? ജീവനുള്ള കല്ലിനു ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നമുക്കുണ്ടോ? നമുക്കൊരു സ്വയശോധന നടത്താം. കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്ക് അല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത് (എഫെസ്യർ 4:29). ആത്മികവർദ്ധന എന്ന പദത്തിന്റെ ശരിയായ അർത്ഥം എന്നത് മറ്റുള്ളവരെയും പണിതെടുക്കുക എന്നതാണ്.ആത്മിക ഗൃഹത്തിന്റെ പണിക്കായി നാം മറ്റുള്ളവരെയും നമ്മോട് ചേർത്ത് നിർത്തുക. മറ്റുള്ളവരെ ധൈര്യപ്പെടുത്തുക, അവർക്ക് കൈത്താങ്ങൽ നൽകുക.അവരുടെ പ്രതിസന്ധിയിൽ സഹായിക്കുക, ആശ്വാസവാക്കുകൾ പറയുക. ആത്മികഗൃഹത്തിന്റെ പണിക്കായി നമുക്ക് ഐക്യതയോടെ നിൽക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

Parenting Point





# രേഖാബ്യ ഗൃഹത്തിന്റെ ഉദാത്തമായ മാതൃക

ഷിബു കെ ജോൺ

വ്യക്തികളിൽ നിന്ന് മറ്റ് വ്യക്തികൾക്കും കുടുംബങ്ങളിൽ നിന്ന് കുടുംബങ്ങൾക്കും രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങൾക്കും പലതും പഠിക്കുവാനുണ്ട്. എന്നാൽ ഒരു വലിയ രാജ്യത്തെ പഠിപ്പിക്കുവാൻ ഒരു സാധാരണ കുടുംബത്തെ ദൈവം മാതൃകയാക്കുന്ന ഒരു സംഭവമുണ്ട്. യിരെമ്യാവ് 35ൽ ദൈവത്തിന്റെ മക്കളായ യിസ്രായേൽ അനുസരണക്കേടിൽ ജീവിക്കുന്ന കാലത്ത് ദൈവം അവരോട് രേഖാബ്യ ഗൃഹത്തിന്റെ സ്വഭാവദൃഢതയെ പരിശോധിക്കുവാൻ പറയുന്നു. ആലയത്തിലെ ഒരു മുറിയിൽ തിളങ്ങുന്ന പാത്രങ്ങളിൽ നിറച്ചു വച്ചിരിക്കുന്ന വിവിധയിനം വീഞ്ഞുകൾ. രേഖാബ്യ കുടുംബത്തിലെ യോനാദാബിന്റെ മക്കളെ മുഴുവൻ അവിടേക്ക് ക്ഷണിച്ച് വരുത്തി. രഹസ്യമായും സൗജന്യമായും യഥേഷ്ടം വീഞ്ഞ് സേവിക്കുവാനും ഉല്ലസിക്കുവാനും ആ ചെറുപ്പക്കാർക്ക് അവസരം കൈവന്നിരിക്കുന്നു! എന്നാൽ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ ആ വാഗ്ദാനം നിരസിക്കുകയാണുണ്ടായത്! അതിന് അവർ പറഞ്ഞ കാരണം ഇതായിരുന്നു: ഞങ്ങളുടെ പിതാവായ യോനാദാബ് ഞങ്ങൾ വീഞ്ഞ് കുടിക്കരുതെന്നും, ലളിത ജീവിതം നയിച്ചുകൊണ്ട് കൂടാരങ്ങളിൽ പാർത്തുകൊള്ളണമെന്നും ഞങ്ങളോട് കല്പിച്ചിട്ടുണ്ട്. ദീർഘായുസ്സോടെയിരിക്കേണ്ടതിന് ഈ കല്പന ഞങ്ങൾ തലമുറതലമുറയായി പാലിച്ചു വരുന്നു..

ഈ ഉദാത്തമായ മാതൃകയ്ക്ക് പ്രതിഫലമായി ദൈവം ആ കുടുംബത്തെ വീണ്ടും അനുഗ്രഹിക്കുകയാണുണ്ടായത്! രക്ഷകർത്തൃത്വം മൂന്ന് വിധങ്ങളിലുണ്ട്:

1. ദൈവികമായത്
2. ഭൗമികമായത്
3. ഹീനമായത്

ഇവയിൽ ദൈവികമായ രക്ഷകർത്തൃത്വത്തിന്റെ നിരവധി ഗുണവിശേഷങ്ങൾ (Traits) ദൈവവചനത്തിൽ നിന്നും വായിച്ചെടുക്കുവാൻ നമുക്ക് കഴിയും. അവയിൽ പ്രധാനപ്പെട്ട ഒന്നാണ്' അതിർത്തികൾ നിർണ്ണയിക്കൽ' (Setting the Boundaries). മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് അതിർത്തികൾ നിർണ്ണയിക്കുന്നതിൽ ഉപേക്ഷ വിചാരിച്ചാൽ അവരുടെ കൂട്ടുകാരോ, ലോകമോ, മാധ്യമങ്ങളോ ആയിരിക്കും അതിരുകൾ നിശ്ചയിക്കുന്നത്! ഇങ്ങിനെ അവർ നിശ്ചയിക്കുന്ന അതിരുകൾ അത്യന്തം അപകടകരമായിരിക്കും എന്നതിന് യാതൊരു സംശയവുമില്ല. കുട്ടികൾ ചെയ്യുവാൻ ശ്രമിക്കുന്ന എല്ലാ കാര്യങ്ങൾക്കും 'NO' പറയുക എന്നതല്ല 'അതിർത്തികൾ നിശ്ചയിക്കുക' എന്നതുകൊണ്ടർത്ഥമാക്കുന്നത്. അതൊരു ശിക്ഷണ പ്രക്രിയയാണ്. അതിരുകൾ നിശ്ചയിക്കുമ്പോൾ എന്ത് ചെയ്യരുത് എന്ന് പറയുന്നതിനോടൊപ്പം എന്തെല്ലാം ചെയ്യാം എന്നു കൂടി വ്യക്തമായി പറഞ്ഞിരിക്കണം. അനുസരിക്കുമ്പോൾ പ്രോത്സാഹനമോ ചെറിയ കുട്ടികൾക്ക് സമ്മാനമോ നൽകുന്നതും ഈ ഗുണവിശേഷത്തിന്റെ ഭാഗമാണ്. ഒപ്പം അനുസരണക്കേടിന് ലഭിക്കാവുന്ന ശിക്ഷയും ആദ്യമേ വ്യക്തമാക്കിയിരിക്കണം. കുടുംബത്തിൽ അനുസരണത്തിൽ വളരുന്ന കുട്ടി സ്കൂളിലും പൊതുനിരത്തിലും സമൂഹത്തിലും നിയമങ്ങൾ പാലിക്കുന്നവരായിരിക്കും എന്നു നാം ഓർത്തിരിക്കണം. രേഖാബ്യ ഗൃഹത്തിന്റെ നല്ല മാതൃക അനുകരിക്കുവാൻ നമുക്കും കഴിയട്ടെ!


## നിങ്ങൾക്കും എഴുതാം!



എക്സൽ സ്നേഹിതൻ മാസികയിൽ നിങ്ങൾക്കും എഴുതാൻ അവസരം. ലേഖനങ്ങൾ, ചെറുകഥകൾ, അനുഭവ സാക്ഷ്യങ്ങൾ, ഭാവനകൾ, കാർട്ടൂണുകൾ തുടങ്ങിയ സാഹിത്യ രചനകൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ അയച്ചു തരിക.

9744325604, 9495834994

ലേഖനം



ജോബി വർഗീസ് നിലമ്പൂർ



# ദൈവീക കാഴ്ചപ്പാടുകളിലേക്കു വളരുക!

നമ്മെക്കുറിച്ചുള്ള ദൈവീക കാഴ്ചപ്പാടുകളെക്കുറിച്ചും, ദൈവത്തിന്റെ മനസിലെ നമ്മുടെ ചിത്രങ്ങളെക്കുറിച്ചും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വ്യക്തിത്വം, നിങ്ങളുടെ രൂപം, നിങ്ങളുടെ കഴിവുകൾ, അല്ലെങ്കിൽ നിങ്ങളുടെ നേട്ടങ്ങൾ എന്നിവയെക്കുറിച്ച് ഓരോ വ്യക്തിക്കും അവരുടെ ചിത്രമുണ്ട്. എന്നാൽ പലപ്പോഴും നിങ്ങളുടെ നിലവിലെ ചിത്രം നിങ്ങളെ കുറിച്ച് മറ്റുള്ളവരോ മാതാപിതാക്കളോ സുഹൃത്തുക്കളോ പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരിക്കാം രൂപപ്പെട്ടിരിക്കുന്നത്. അല്ലെങ്കിൽ നിങ്ങളുടെ സ്വന്തം മനസ്സിൽ നിങ്ങൾ സ്വയം വരച്ച ചിത്രങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതാകാം. ഇവിടെയുള്ള പ്രസക്തമായ ഒരു ചോദ്യം, ദൈവത്തിന്റെ ഹൃദയത്തിൽ നിങ്ങളെക്കുറിച്ചുള്ള അതേ ചിത്രമാണോ നിങ്ങളുടെ മനസ്സിലും?

നാം കഴിവുള്ളവരായിരിക്കണമെന്നും, നമ്മെത്തന്നെ വിലമതിക്കാനാവാത്ത നിധികളായി കാണണമെന്നും ദൈവം ആഗ്രഹിക്കുന്നു. നമ്മൾ പൂർണരല്ലെന്ന് ദൈവത്തിനറിയാം, നമുക്കെല്ലാവർക്കും തെറ്റുകളും ബലഹീനതകളും ഉണ്ട്; നാമെല്ലാവരും തെറ്റുകൾവരുത്തുന്നു. എന്നാൽ ദൈവം നമ്മെ സ്നേഹിക്കുന്നു. അവൻ നമ്മെ അവന്റെ പ്രതിച്ഛായയിൽ സൃഷ്ടിച്ചു, അവൻ നമ്മെ നിരന്തരം രൂപപ്പെടുത്തി, അവൻ ആഗ്രഹിക്കുന്ന വ്യക്തിയെപ്പോലെയാകാൻ നമ്മെ സഹായിക്കുന്നു. അതുകൊണ്ട് നാം നമ്മെത്തന്നെ സ്നേഹിക്കാൻ പഠിക്കണം. ദൈവം നിങ്ങളെ നിരുപാധികം സ്നേഹിക്കുന്നു എന്നറിഞ്ഞുകൊണ്ട് നിങ്ങൾക്ക് തല ഉയർത്തിപ്പിടിച്ച് ആത്മവിശ്വാസത്തോടെ മുന്നേറാം. മാത്രമല്ല, ദൈവം നിങ്ങളെ ഒരു അതുല്യ വ്യക്തിയായി കാണുകയും നിങ്ങൾ സ്വയം വിശ്വസിക്കുന്നതിനേക്കാൾ കൂടുതൽ നിങ്ങളെ വിശ്വസിക്കുകയും ചെയ്യുന്നു. പലപ്പോഴും, നമുക്ക് മഹത്തായ എന്തെങ്കിലും ചെയ്യാനുണ്ടെന്ന് ദൈവം നമ്മോട് പറയുന്നത് കേൾക്കാറുണ്ട് . എന്നാൽ നമ്മളെക്കുറിച്ചുള്ള മോശം ചിത്രം കാരണം പല ഒഴികഴിവുകളും പറയുന്നു, “ദൈവമേ, എനിക്ക് അത് ചെയ്യാൻ കഴിയില്ല, ഞാൻ ചെറിയവനാണ്, കൂടുതൽ യോഗ്യതയുള്ള ആരെയെങ്കിലും ഈ ജോലി ഏൽപ്പിക്കണം.’ബൈബിളിലെ മനോഹരമായ ഒരു സംഭവം ശ്രദ്ധിക്കൂ, ദൂതൻ ഗിദെയോന് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: ‘നീ മഹാധൈര്യമുള്ള ഒരു ശക്തനാണ്’ വിശ്വസിച്ചാലും ഇല്ലെങ്കിലും, ദൈവം നിങ്ങളെയും അങ്ങനെയാണ് കാണുന്നത് ഗിദെയോൻ പറഞ്ഞു. “ഞാൻ ഒന്നുമല്ല . ഞാൻ ശക്തനല്ല. എനിക്ക് വിജയിക്കാൻ കഴിയില്ല. എനിക്കു ധൈര്യം ഒട്ടും തന്നെയില്ല? എന്നാൽ ദൈവം നിങ്ങളെ ശക്തനായ, ധൈര്യശാലിയായ, ജയിക്കുന്ന വ്യക്തിയായി കാണുന്നു. എന്തുകൊണ്ടാണ് ദൈവം അവനെ നേതാവായി തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നതെന്നും മഹത്തായ ചുമതല നൽകുമെന്നും പറഞ്ഞപ്പോൾ ഗിദയോൻ എന്താണ് പറഞ്ഞത് “ഞാൻ ജനങ്ങളെ എങ്ങനെ രക്ഷിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നു? ഞാൻ ഏറ്റവും പാവപ്പെട്ട കുടുംബത്തിൽ നിന്നാണ് വരുന്നത്. എന്റെ വീട്ടിലെ ഏറ്റവും ചെറിയവൻ ഞാനാണ്.’ എന്നാൽ ഗിദയോന്റെ മനസ്സിൽ തന്നെ കുറിച്ചുള്ള ചിത്രവും ദൈവത്തിന്റെ മനസിലെ ചിത്രവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുന്നത് രസകരമാണ്. ഗിദെയോന് ബലഹീനത തോന്നി; ദൈവം അവനെ ശക്തനായി കണ്ടു. ഗിദെയോൻ അയോഗ്യനാണെന്ന് തോന്നി; ആ ജോലി ചെയ്യാനുള്ള കഴിവുള്ളവനായി ദൈവം അവനെ കണ്ടു. ഗിദെയോന് അരക്ഷിതാവസ്ഥ തോന്നി; തന്റെ ജനത്തെ വിജയത്തിലേക്ക് നയിക്കാൻ വേണ്ടത്ര ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും ദൈവം അവനെ കണ്ടു. പിന്നീട് ഗിദെയോനും ദൈവം ആഗ്രഹിച്ചതുപോലെ തന്നെ ചെയ്തു! അതുപോലെ, ദൈവം നിങ്ങളെ ഒരു വിജയിയായി കാണുന്നു.

ഒരു പക്ഷെ നിങ്ങൾ സ്വയം അങ്ങനെ കാണുന്നില്ലെങ്കിലും അത് നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതിച്ഛായയെ ഒരു തരത്തിലും മാറ്റില്ല. അവന്റെ വചനം നിങ്ങളെ വിവരിക്കുന്നതുപോലെ ദൈവം ഇപ്പോഴും നിങ്ങളെ കാണുന്നു. നിങ്ങൾക്ക് അയോഗ്യതയോ, അരക്ഷിതാവസ്ഥയോ അല്ലെങ്കിൽ ജീവിതത്തിൽ അമിതഭാരമോ അനുഭവപ്പെടാം; നിങ്ങൾക്ക് ബലഹീനതയും ഭയവും നിസ്സാരതയും അനുഭവപ്പെടാം, പക്ഷേ ദൈവം നിങ്ങളെ ഒരു വിജയിയായി, ശക്തനായി, കഴിവുള്ളവനായി, ധൈര്യശാലിയായി കാണുന്നു! അതെ, നമുക്ക് നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ വീക്ഷണത്തിലേക്ക് വളരുകയും ദൈവത്തിന്റെ ഇഷ്ടത്തിനും ഉദ്ദേശ്യത്തിനും അനുസൃതമായ ഒരു മഹത്തായ ജീവിതം നയിക്കുകയും ചെയ്യാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!



# ലക്ഷ്യബോധമുള്ളവരായിരിക്കുക

ലേഖനം



സണ്ണി ആലപ്പുഴ

“ലക്ഷ്യബോധമില്ലാത്ത മനുഷ്യൻ ചുക്കാൻ ഇല്ലാത്ത കപ്പൽ പോലെയാണ്” (A soul without a high aim is like a ship without a rudder).

ജീവിതത്തിന് കൃത്യമായ ഒരു ലക്ഷ്യമുണ്ടായിരിക്കുക എന്നത് ഓരോ മനുഷ്യനെ സംബന്ധിച്ചും പരമപ്രധാനമായ സംഗതിയാണ്. ജീവിതത്തിൽ അമ്പേ പരാജയപ്പെടുന്ന പലരെയും നോക്കിയാൽ മനസിലാക്കാൻ കഴിയുന്ന കാര്യം അവരുടെ ജീവിതത്തിൽ പ്രത്യേകിച്ച് ലക്ഷ്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എന്നതാണ്.

വെറുതെ ജീവിച്ചു മരിക്കാനല്ല ദൈവം നമ്മെ ഈ ഭൂമിയിൽ ആക്കിവച്ചിരിക്കുന്നത്. ദൈവം നമ്മിൽ നിന്നും ചിലതൊക്കെ പ്രതീക്ഷിക്കുന്നുണ്ട്. ‘ശവക്കല്ലറ’കളെക്കുറിച്ച് ഒരിക്കൽ മാർക്രിസോസ്റ്റം തിരുമേനി പറഞ്ഞ പ്രശസ്തമായ ഒരു വാചകമുണ്ട്. അദ്ദേഹം പറഞ്ഞു; മരണശേഷം കല്ലറകളിൽ ജനനത്തീയതി എഴുതിവക്കും. ഇതിനിടയിൽ ഇദ്ദേഹം ജീവിച്ചതിനെപ്പറ്റി ഒന്നുമറിയില്ല. ഒന്നുമെഴുതാനില്ല. വെറുതെ ജീവിച്ചു വെറുതെ മരിച്ചു. നമ്മുടെ ജീവിതത്തിൽ ഉന്നതമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കട്ടെ.

ലക്ഷ്യമില്ലാത്ത ജീവിതം ചരട് പൊട്ടിപ്പോയ ഒരു പട്ടം പോലെയാണ്. അത് വെറുതെ അങ്ങനെ പാറി നടന്ന് അവസാനം എവിടെയെങ്കിലും വീണു പോകും. അവിടെക്കിടന്ന് നശിച്ച് പോകും. ബോർഡ് വയ്ക്കാതെ വരുന്ന ബസിൽ യാത്രക്കാർ ആരും കയറുകയില്ല. കാരണം അതെവിടേക്ക് പോകുന്നു എന്നറിയാൻ കഴിയില്ല. ഒരു റോഡ് എങ്ങോട്ട് പോകുന്നു എന്ന് അറിയില്ലെങ്കിൽ നാം ആ റോഡിൽ യാത്ര ചെയ്യില്ല. അതുപോലെ, എവിടേക്ക് പോകണം എന്ന് തീരുമാനിക്കാതെ നമുക്ക് ഒരു യാത്ര ആരംഭിക്കാൻ കഴിയില്ല. നല്ല ഒരു ഫുട്ബോൾ കോർട്ടും, നല്ല കളിക്കാരും, നല്ല പന്തും കാണികളും ഒക്കെയുണ്ടെങ്കിലും ഗോൾ പോസ്റ്റുകളാണ് കളിക്ക് ലക്ഷ്യബോധം ഉണ്ടാക്കുന്നത്. ലക്ഷ്യബോധമുണ്ടെങ്കിലേ കളിയ്ക്കിടെ നിലത്ത് വീണാലും പിന്നെയും എഴുന്നേറ്റ് ഓടാനുള്ള ആവേശം ഉണ്ടാകൂ. ലക്ഷ്യബോധമുള്ള യാത്രക്കാരൻ ഒരിക്കലും വഴിയോരക്കാഴ്ചകളിൽ മയങ്ങി നിൽക്കില്ല. അയാളുടെ ലക്ഷ്യം അയാളെ തട്ടിയുണർത്തിക്കൊണ്ടിരിക്കും.

പ്രായം ചെന്ന് ചാവാറായ ഒരു പശുവിന്റെമേൽ വന്നിരുന്ന് കുത്തിനോവിക്കുന്ന പ്രാണിയെ ഓടിക്കാൻ ശ്രമിച്ചയാളോട് കർഷകൻ പറഞ്ഞു ”അരുത്, ആ പ്രാണി കുത്തുന്നത് കൊണ്ടാണ് ആ പശു ചലിച്ചുകൊണ്ടിരിക്കുന്നത്’. പലവട്ടം പരാജയപ്പെട്ടു എങ്കിലും വീണ്ടും മുന്നോട്ട് പോകാൻ നമ്മെ പ്രേരിപ്പിക്കുന്നത് ലക്ഷ്യബോധമാണ്. കട്ട പിടിച്ച ഇരുട്ടിലൂടെ യാത്ര ചെയ്യുന്ന കപ്പൽ മുന്നോട്ട് പോകുന്നത് തീരത്തെവിടെയോ പ്രകാശിക്കുന്ന ആ പഴയ വിളക്ക്മരം നൽകുന്ന ലക്ഷ്യബോധത്തിലാണ്.

നമുക്ക് വ്യക്തമായ ഒരു ലക്ഷ്യം ഉണ്ടെങ്കിൽ നമ്മുടെ പഠനവും, യാത്രകളും, ശീലങ്ങളും ബന്ധങ്ങളും, പ്രാർത്ഥനകളും എല്ലാം അതിലേക്ക് നമ്മെ എത്തിക്കുന്നതായിരിക്കും.


ഇനിവരുന്ന അഞ്ച് വർഷം കഴിയുമ്പോൾ ഞാൻ എന്തായിത്തീരണം, പത്ത് വർഷത്തിനുശേഷം ഞാൻ എവിടെ എത്തണം എന്നെല്ലാം വളരെ കൃത്യമായ ഒരു ലക്ഷ്യം നമുക്ക് ഉണ്ടായിരിക്കണം. അതിനെ ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ദർശനം എന്നൊക്കെ വിളിക്കാം.

ദർശനം അഥവാ ലക്ഷ്യം ഒരിക്കലും ഒരു ആഗ്രഹമോ സ്വപ്നമോ അല്ല. കാരണം, സ്വപ്നങ്ങളും ആഗ്രഹങ്ങളുമെല്ലാം അതിൽത്തന്നെ ദുർബലമാണ്. സ്വപ്നം കാണാനും വെറുതെ ആഗ്രഹിക്കാനും ആർക്കും സാധിക്കും. എന്നാൽ വ്യക്തമായ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട്. അതിലേക്ക് മുന്നേറാൻ എല്ലാവർക്കും കഴിയാറില്ല. ഒരു കടലാസ് കുറെ നേരം നല്ല വെയിലത്ത് വച്ചാൽ അതിന് തീപിടിക്കില്ല. എന്നാൽ ഒരു നല്ല ലെൻസ് ഉപയോഗിച്ച് സൂര്യപ്രകാശത്തെ ഒരു പ്രത്യേക ബിന്ദുവിലേക്ക് മാത്രം കേന്ദ്രീകരിക്കുമ്പോൾ ആ കടലാസിന് തീപിടിക്കുന്നത് കാണാം. ഒരൊറ്റ ലക്ഷ്യം മാത്രം മുന്നിൽക്കണ്ട് അതിനുവേണ്ടി ചിട്ടയോടെ നാം പ്രവർത്തിക്കുമ്പോഴാണ് നാം വിജയം കൈ

16-ാം പേജിൽ തുടരും▶




കുഞ്ഞൻ തേനീച്ചക്ക് പൂവിനടുത്തെത്താൻ വഴി പറഞ്ഞു കൊടുക്കാമോ?



## കൂട്ടുകാർ അയച്ച ചിത്രങ്ങൾ




Achsa Elsa Sanu



Daniel Digal




Janice Shekinah Biju



Alen K.Bijumon




Joanna Binu



Preeti Nade

## റഫറൻസ് കണ്ടെത്താമോ?

ഇതാ സഹോദരൻമാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

---------------------------------

കൂട്ടുകാരെ നിങ്ങളുടെ രചനകൾ, ചിത്രങ്ങൾ Kids Corner ലേക്ക് അയച്ചു തരാൻ മറക്കല്ലേ.
9744325604, 9495834994

# ജീവിതാനുഭവങ്ങൾ...

**ധീരനായ സുവിശേഷകൻ പാസ്റ്റർ വി.എ തമ്പിയുടെ ജീവിതത്തിലെ ഒരു അനുഭവം.**
**(ഉണർവ്വിൻ അഗ്നിനാളങ്ങൾ എന്ന പുസ്തകത്തിൽ നിന്നും)**



പാസ്റ്റർ വി.എ തമ്പി

### ആദ്യത്തെ കൺവൻഷൻ

സ്വന്തം നാട്ടിൽ ഒരു കൺവൻഷൻ നടത്തണം എന്നത് തന്റെ വലിയ ആഗ്രഹമായിരുന്നു. എന്നാൽ അതിന് ആവശ്യമായ സാമ്പത്തികം തന്റെ പക്കൽ ഉണ്ടായിരുന്നില്ല. സ്വന്തമായുണ്ടായിരുന്ന ഒരു വാച്ച് വിറ്റ് കൺവൻഷനുവേണ്ടി പണം സമാഹരിക്കാൻ തുടങ്ങി. സമീപത്തുണ്ടായിരുന്ന ടി.പി.എം സഭയിലെ ചില സഹോദരന്മാരും സഹായിച്ചു. നോട്ടീസ് അടിച്ച് പലയിടത്തും വിതരണം ചെയ്തു. ഉച്ചഭാഷണി ഉണ്ടായിരിക്കുന്നതാണ് എന്ന് നോട്ടീസിൽ പ്രത്യേകം എഴുതിചേർത്തു. ഉച്ചഭാഷിണി ഉണ്ടെന്നറിഞ്ഞാൽ ആളുകൾ കേൾക്കുവാൻ എത്തും എന്ന് തനിക്കറിയാമായിരുന്നു. വിശ്വാസത്തോടെ അതിനുവേണ്ടി പ്രവർത്തിച്ചു. ചാക്കോമാസ്റ്റർ, തെങ്ങേലിലച്ചൻ, കാനം അച്ചൻ എന്നിവരെ പ്രസംഗകരായി വിളിക്കാൻ തീരുമാനിച്ചു.

കൺവൻഷൻ നടന്നാൽ ജനങ്ങൾ എല്ലാവരും പെന്തക്കോസ്തിൽ പോകുമെന്നുപറഞ്ഞു പള്ളിക്കമ്മറ്റിക്കാർ വലിയ പ്രശ്നമുണ്ടാക്കി.

യോഗദിനത്തിൽ പ്രതിഷേധക്കാർ വന്ന് മൈക്ക് സിസ്റ്റം എല്ലാം തകർത്തു. അവിടെയുണ്ടായിരുന്ന 40 പേരെയും തല്ലിച്ചതച്ചു. പാട്ടുപാടാനെത്തിയ കെ.കെ. പാപ്പച്ചനെ പ്രതിഷേധക്കാർ പിടിച്ചുകൊണ്ടുപോയി. അദ്ദേഹത്തെ രക്ഷപ്പെടുത്തിയശേഷം ചന്തസ്ഥലത്ത് യോഗം നടത്താൻ തമ്പിച്ചായൻ ശ്രമിച്ചു. അവിടെയും യോഗം നടത്താൻ സമ്മതിക്കില്ല എന്ന് പറഞ്ഞു ചിലർ മുന്നോട്ടുവന്നു. എന്നാൽ മറ്റു ചിലർ തനിക്ക് സഹായവുമായി വന്നു . ഉച്ചഭാഷിണി ഇല്ലാത്തതിനാൽ താൻ ഏറ്റുപറയാൻ തുടങ്ങി. ഉടൻ തന്നെ ചിലർ പ്രശ്നമുണ്ടാക്കുന്നതിനായി എത്തി. പെന്തക്കോസ്തിന്റെ വേര് പിടിപ്പിക്കാൻ ശ്രമിച്ചാൽ ഇവിടെ കൊലപാതകം നടക്കും എന്ന് വെല്ലുവിളിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് വന്ന് തന്നെ അനുനയിപ്പിച്ച് വീട്ടിലേക്ക് പറഞ്ഞുവിട്ടു. അങ്ങനെ ആദ്യദിവസത്തെ യോഗം അലങ്കോലമായി.

മുപ്പത് ദിവസത്തോളം ഉപവാസമിരുന്ന് പ്രാർത്ഥിച്ചു. മുപ്പതാം ദിവസം വഴക്കുണ്ടാക്കിയവരിൽ അഞ്ച് ആളുകൾ വന്ന് ക്ഷമ പറഞ്ഞ് മാനസാന്തരപ്പെട്ടു. അവരിൽ പലർക്കും ഇതിനോടകം അപകടങ്ങൾ സംഭവിച്ചിരുന്നു. ഒരാൾ മരണപ്പെട്ടു. തന്നെ ഉപദ്രവിച്ചവരും മർദ്ദിച്ചവരുമൊക്കെ പ്രാർത്ഥനയ്ക്കായി വിളിച്ചുതുടങ്ങി. അത് മുഖാന്തരം അവിടെയുള്ള പലരും രക്ഷിക്കപ്പെട്ടു. ഇന്ന് ഏഴോളം സഭകൾ ആ സ്ഥലത്തുണ്ട്.

## കൗതുക ലോകം

# 'ലിങ്കോഡ്' പല്ലുകൊഴിക്കും മീൻ



ശാന്തസമുദ്രത്തിൽ കാണുന്ന ലിങ്കോഡ് മത്സ്യത്തിന് ദിവസവും പല്ലുകൊഴിയും. അതും ഏകദേശം 20 എണ്ണംവെച്ച്. അഞ്ചടി നീളവും 36 കിലോഗ്രാംവരെ തൂക്കവും വെക്കുന്ന ലിങ്കോഡുകൾക്ക് സൂചിമുനപോലെ കൂർത്ത അഞ്ഞൂറോളം പല്ലുകളാണുള്ളത്.

ഞണ്ടടക്കം പുറംതോടുള്ള ജീവികളെ ഒറ്റക്കടിക്ക് തവിടുപൊടിയാക്കാൻ ഇവയ്ക്കാവുകയും ചെയ്യും. പക്ഷേ, എങ്ങനെയാണവ പല്ലുകളിത്രയും മൂർച്ചയുള്ളതായി സൂക്ഷിക്കുന്നതെന്ന കാര്യം ഇത്രയും കാലം നിഗൂഢമായിരുന്നു. ദിവസവും മൂന്നുശതമാനം പല്ല് കൊഴിച്ചുകൊണ്ടാണ് ഈ സവിശേഷത നിലനിർത്തുന്നതെന്ന് 'പ്രൊസീഡിങ്സ് ഓഫ് റോയൽ സൊസൈറ്റി ബി ജേണലി'ൽ ഒക്ടോബറിൽ പ്രസിദ്ധീകരിച്ച പുതിയ പഠനം പറയുന്നു. കൊഴിഞ്ഞ സ്ഥാനത്ത് വീണ്ടും പല്ല് മുളയ്ക്കുകയും ചെയ്യും. വാഷിങ്ടൺ സർവകലാശാലയുടെ ഫ്രൈഡേ ഹാർബർ ലബോറട്ടറിയാണ് ഇക്കാര്യം കണ്ടെത്തിയത്. ഭക്ഷ്യയോഗ്യമായ പസഫിക് ലിങ്കോഡുകളിൽ 20 ശതമാനത്തിനും ഫ്ലൂറസന്റ് പച്ചയോ നീലയോ ആണ് നിറം. നിറവ്യത്യാസത്തിന്റെ കാരണം ഇതുവരെ വ്യക്തമല്ല.

## ഉണർവിൻ അഗ്നിനാളങ്ങൾ ബുക്ക് ചെയ്യാം

മക്കൾക്ക് , മാതാപിതാക്കൾക്ക്, ജീവിത പങ്കാളിക്ക്, സ്നേഹിതർക്ക് .... പുതുവർഷത്തിൽ നൽകാൻ കഴിയുന്ന മികച്ച ഒരു സമ്മാനം എക്സൽ പബ്ലിക്കേഷൻ ഒരുക്കുന്നു.

വിശ്വാസ പാതയിൽ പുത്തനുണർവ് പകരുന്ന ജീവിതാനുഭവങ്ങളുടെ സമാഹാരം - ഉണർവിൻ അഗ്നിനാളങ്ങൾ.




പവർ വിഷൻ ചാനലിന്റെ സ്ഥാപകനും ഐപിസി മുൻ ജനറൽ പ്രസിഡന്റുമായ ചെയർമാൻ പാസ്റ്റർ കെ.സി. ജോൺ, അസംബ്ലീസ് ഓഫ് ഗോഡ് മുൻ സുപ്രണ്ട് നിദ്ര പ്രാപിച്ച റവ പി എസ് ഫിലിപ്പ്, പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചുകളുടെ സ്ഥാപക പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ്, ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സ്ഥാപകൻ (ചിങ്ങവനം) റവ. വി.എ. തമ്പി,

സുവിശേഷകനും വേദാധ്യാപകനുമായ പാസ്റ്റർ ബാബു ചെറിയാൻ, ട്രൈബൽ മിഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകൻ -ഐ സി പി എഫ് പ്രസിഡന്റ് ഡോ. കെ. മുരളീധരൻ, ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ (IET) സ്ഥാപകൻ ബ്രദർ പി.ജി. വർഗീസ്. ചർച്ച് ഓഫ് ഗോഡ് ഇൻഡ്യാ മുൻ അസിസ്റ്റന്റ് ഓവർസീയർ റവ പി.ജി.മാത്യൂസ്. ഫിലാഡൽഫിയ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യ സ്ഥാപകൻ നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ തോമസ് മാത്യു -ഭാര്യ മേരി മാത്യു, എക്സൽ മിനിസ്ട്രീസ് ചെയർമാൻ റവ തമ്പി മാത്യു. കല്ലുമല ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപകൻ നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ എം.ഇ. ജേക്കബ് സഹധർമിണി ഉണ്ണി ജേക്കബ്, ബീഹാറിലെ ഇൻഡ്യാ മിഷന്റെ സ്ഥാപകരിലൊരാൾ കെ.റ്റി. ജോസഫ്. വെസ്റ്റ് ബംഗാളിലെ എച്ച് ഇ എം മിഷൻ സ്ഥാപകൻ റവ. ജോൺസൻ ജോർജ്. ജീസസ് മിഷൻ സ്ഥാപകൻ സാജു ജോൺ മാത്യു തുടങ്ങിയവരുടെ ജീവിതാനുഭവങ്ങൾ .

ജോബി കെസിയോടോപ്പം ബിനു വടശ്ശേരിക്കര, ഷിനു തോമസ് തുടങ്ങിയവർ രചിച്ച ഗ്രന്ഥത്തിനു ഗുഡ്ന്യൂസ് പത്രാധിപർ സി വി മാത്യു അവതാരിക ചെയ്തിരിക്കുന്നു.

അനുഗ്രഹീതമായ ഈ പുസ്തകം മിതമായ വിലയിൽ ഇപ്പോൾ ബുക്ക് ചെയ്യാവുന്നതാണ്. ഇതിലെ അനുഭവങ്ങൾ നമ്മുടെ പ്രിയപ്പെട്ടവർക്ക് ഉത്തമമായ ഒരു പുതുവത്സര സമ്മാനം ആയിരിക്കും. നിശ്ചയം.. ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക് 200 രൂപയ്ക്ക് പുസ്തകം അയച്ചു (only in India) തരുന്നു. മുഖവില 250 രൂപ. കോപ്പികൾക്കു ഇന്ന് തന്നെ ബുക്ക് ചെയ്യുക.

**9656009752, 9495927117.**

◀ 13-ാം പേജിൽ നിന്നും തുടർന്നു വായിക്കുക

## ലക്ഷ്യബോധമുള്ളവരായിരിക്കുക...

വരിക്കുന്നത്.

ജീവിതം എത്ര ഇരുണ്ടതായിരുന്നാലും സാഹചര്യങ്ങൾ വളരെ പരിതാപകരമായിരുന്നാലും ലക്ഷ്യബോധമുണ്ട് എങ്കിൽ മുന്നോട്ട് പോകാൻ കഴിയും എന്ന് പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന സ്റ്റീഫൻ ഹോക്കിങ്സിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ശരീരം മുഴുവൻ തളർന്നുപോയ അവസ്ഥയിൽ വീൽചെയറിൽ ഇരുന്നുകൊണ്ട് പ്രപഞ്ചസത്യങ്ങളെ തേടി നക്ഷത്രങ്ങൾക്കും അപ്പുറത്തേക്ക് മനസ്സുകൊണ്ട് യാത്രചെയ്ത അത്ഭുത മനുഷ്യനായിരുന്നു അദ്ദേഹം.

വേണമെങ്കിൽ നമുക്ക് സാഹചര്യങ്ങളെ പഴിപറഞ്ഞ് ഒതുങ്ങിക്കൂടാം. അല്ലെങ്കിൽ പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറാം.

നമ്മുടെ ലക്ഷ്യങ്ങൾ അർത്ഥമുള്ളതായിരിക്കട്ടെ. കേവലമായ ആഗ്രഹങ്ങളുടെയും ആവേശങ്ങളുടെയും പിന്നാലെ യാത്ര ചെയ്യാതിരിക്കാനുള്ള ആർജ്ജവം നമുക്കുണ്ടാവണം.

നമ്മുടെ ലക്ഷ്യങ്ങളും സർവ്വശക്തനായ ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതികളും തമ്മിൽ പൊരുത്തം ഉണ്ടാകണം. കാരണം ദൈവത്തിന്റെ പദ്ധതികൾ ഉന്നതമായവയാണ്. ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നതുപോലെ ദൈവീക പദ്ധതികൾ ഉന്നതമായവയാണ് (യെശയ്യ. 55:8).

നമ്മുടെ കഴിവുകൾക്കും താത്പര്യങ്ങൾക്കും യോജിച്ച ലക്ഷ്യങ്ങൾ വേണം നമുക്ക് ഉണ്ടാവാൻ. കഴിവുകൾ ഇല്ലാത്തവരായി ആരെയും ദൈവം ഈ ഭൂമിയിലേക്ക് അയച്ചിട്ടില്ല. ഏതെങ്കിലും ഒരു പ്രത്യേകമായ കഴിവ് എല്ലാവർക്കും ഉണ്ടാകും. അവയെ കണ്ടെത്താൻ നമുക്ക് കഴിയണം. നമ്മുടെ ലക്ഷ്യങ്ങളും നമ്മുടെ കഴിവുകളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

ലക്ഷ്യങ്ങൾ ഇടയ്ക്ക് വച്ച് ഉപേക്ഷിക്കാതിരിക്കാം. ''നീ ദർശനം എഴുതുക. ഓടിച്ച് വായിപ്പാൻ തക്കവണ്ണം അത് പലകയിൽ തെളിവായി എഴുതിവയ്ക്കുക (ഹബകുക്ക്. 2:2). ലക്ഷ്യം മുന്നിൽക്കണ്ട് നമുക്ക് യാത്ര ചെയ്യാം. ആ യാത്രയിൽ ദൈവകൃപ നമ്മോട് കൂടെയിരിക്കട്ടെ.

# എക്സൽ ബൈബിൾ ക്വിസ് വിജയികൾ




**തിരുവല്ല:** എക്സൽ പബ്ലിക്കേഷനും ഒലിവ് തിയോളജിക്കൽ സെമിനാരിയും സംയുക്തമായി നടത്തിയ ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെ 2021 ഡിസംബർ 18 ശനി 2 മണിക്ക് ശ്രീമതി. ആൻ ഉമ്മൻ തോമസ് ഉദ്ഘാടനം ചെയ്തു.

ബീന കെ സാം ഒന്നാം സമ്മാനമായ 5001 രൂപയും ജോളി റെജി രണ്ടാം സമ്മാനം 3001 രൂപയും മൂന്നാം സ്ഥാനം നേടിയ ഉദയ കുമാരി 1001 രൂപയും കരസ്ഥമാക്കി. സുനിൽ തോമസ് , ബിനു വടശ്ശേരിക്കര, കിരൺകുമാർ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. ക്വിസ് മാസ്റ്ററായി ജോബി കെ സി പ്രവർത്തിച്ചു. തത്സമയം ഓൺലൈനിലും നിരവധിപേർ മത്സരിച്ചു. കഴിഞ്ഞ 10 മാസമായി ഓൺലൈനിൽ നടന്നു വന്ന ക്വിസ് പരിപാടിയുടെ സമാപനമായാണ് ഈ ഗ്രാൻഡ് ഫിനാലെ നടന്നത്.

# എക്സൽ സോഷ്യൽ അവയർനെസ്സ് മീഡിയയുടെ ഈ വർഷത്തെ ക്രിസ്തുമസ്സ് പ്രോഗ്രാം സമാപിച്ചു




**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റെ അങ്കണത്തിൽ ഭിന്നശേഷിക്കാരുടൊപ്പമാണ് ക്രിസ്തുമസ്സ് സന്ദേശയാത്ര ആരംഭിച്ചത്. തിരുവല്ല MLA ആയ ബഹു. മാത്യു ടി തോമസ് ഉത്ഘാടനം ചെയ്ത മീറ്റിങ്ങിൽ എക്സൽ മിനിസ്ട്രീസിന്റെ ഡയറക്ടർ ആയ ബിനു ജോസഫ് വടശ്ശേരിക്കര, ജോബി കെ സി എന്നിവർ പ്രസംഗിച്ചു. ബെൻസൻ വർഗ്ഗീസ്, ഡെന്നി ജോൺ, ജോഷി, ആശിഷ് പന്തളം, സ്റ്റെഫിൻ എന്നിവർ നേതൃത്വം നൽകി. പത്തനംതിട്ട,ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ തുടർ ദിവസം സന്ദേശയാത്രകൾ നടന്നു.

# ഉണർവിൻ അഗ്നിനാളങ്ങൾ പ്രകാശനം നടന്നു



**തിരുവല്ല:** എക്സൽ പബ്ലിക്കേഷൻസ് പുറത്തിറക്കുന്ന ഉണർവിൻ അഗ്നിനാളങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം ജനുവരി 28 ന് വൈകിട്ട് 7 മണിക്ക് ഓൺലൈനിൽ നടന്നു. ജോബി കെ. സി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഡെന്നി ജോൺ സ്വാഗത പ്രസംഗം നടത്തി. റവ. ബേബി വർഗ്ഗീസിൽ (ഡാളസ്) നിന്നും ആദ്യ കോപ്പി ഏറ്റുവാങ്ങി പാസ്റ്റർ വിൽസൻ ജോസഫ് (ഷാർജ) പ്രകാശനം നിർവ്വഹിച്ചു. പാസ്റ്റർ എബ്രഹാം മലയിൽ, റവ. തമ്പി മാത്യു, അനിൽ ഇലന്തൂർ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ക്രൈസ്തവലോകത്തെ പതിനാലിലധികം സുവിശേഷകരുടെ ജീവിതാനുഭവങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥത്തിന്റെ എഴുത്തുകാർ ജോബി കെ.സി, ബിനു വടശ്ശേരിക്കര, ഷിനു തോമസ് കാനഡ എന്നിവരാണ്. ലിസ വിജയൻ നന്ദി അറിയിച്ചു. എക്സൽ മിനിസ്ട്രിയുടെ വിവിധ ചാപ്റ്ററുകളിലുള്ള ആളുകൾ മീറ്റിംഗിൽ പങ്കെടുത്തു.

എക്സൽ മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും ഒപ്പം എക്സലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി നിങ്ങളാൽ കഴിയുന്ന സാമ്പത്തിക സഹായങ്ങളും ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് താഴെകാണുന്ന ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

9495927117, 9947401731
Excel Ministries,
A/c No 67152344644,
SBI ELANTHOOR ,
IFSC SBIN0070762

SCAN & PAY

Printed and Published online by Anil P. M on behalf of Excel Publications, Chief Editor Denny John